മിസ്റ്റർ പി. കെ. ഡീവർ: അവരെ absorb ചെയ്യണമെന്നു ഗവൺമെണ്ടിനു ആലോചനയുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ആലോചനയുണ്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ : ഇവരുടെ കപാളിഫിക്കേഷൻ എങ്ങിനെയാണു്; മിലിട്ടറിക്കാക്കു് ഇതിൽ പ്രിഫറൻസു് കൊടുക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : കൊച്ചിൻസ്റ്റോറിൽ യാതൊരു പ്രിഫറൻസും കൊടുക്കുന്നില്ല. അഡ്മിഷൻ ആ Institutions-ൽ നിന്നാണു് കൊടുക്കുന്നതു.

മിസ്റ്റർ കെ. എ. രാഘവൻ : രണ്ടുപേരെ തിരഞ്ഞെടുത്തു എന്നു പറഞ്ഞു. അതു് അവരുടെ അപേക്ഷപ്രകാരമല്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവരുടെ അപ്ലിക്കേഷൻ പ്രകാരമാണു്. ഒരാളെ തിരഞ്ഞെടുത്തതിനുശേഷം അയാൾക്കവിടെ പോകുവാൻ പറ്റുകയില്ലെന്നു പറഞ്ഞു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ഫൺഡ്സ്-ൽ സീറ്റു കിട്ടീട്ടില്ല എന്നു പറഞ്ഞു, അവിടെ രണ്ടു സീറ്റു റിസർവ് ചെയ്യുവാനുള്ള ഏർപ്പാടു ഗവൺമെണ്ടു ചെയ്തിട്ടുണ്ടായിരുന്നുവോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : സീറ്റു റിസർവ് ചെയ്യുവാനുള്ള വിഷമമുണ്ടായിട്ടല്ല. പക്ഷെ വളരെ ന്യായമായ ഒരു ചോദ്യമാണു ആ ഇൻസ്റ്റിട്ടൂഷനിലെ ആളുകൾ ചോദിച്ചതു്. അതായതു്, ഈ ടെയിനിംഗ് കഴിഞ്ഞു പുറത്തു വരുന്ന ആളുകളെ absorb ചെയ്യാതെയാണു് ഇരിക്കുന്നതു്. അവരെ absorb ചെയ്തതിനു ശേഷം ഇനിയുമെടുക്കാമെന്നാണു് അവർ പറഞ്ഞതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : അവരെ absorb ചെയ്യുന്നതിൽ എന്താണു് വിഷമം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അവരെ ഇനിവരുന്ന ഒഴിവുകളിൽ വെക്കുവാൻ ആലോചിക്കുന്നുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഫൺഡ്സ്-ൽ തിരഞ്ഞെടുത്ത ആളുകളുടെ അപ്ലിക്കേഷൻ forward ചെയ്തതു എന്നാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : തക്കസമയത്തു തന്നെയാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അതിനുമുമ്പു് രണ്ടു സ്ത്രീകളെ എടുത്തിട്ടു് അവർക്കു പോകുവാൻ സൌകര്യമില്ലെന്നു പറഞ്ഞതുകൊണ്ടല്ലെ ഈ ആളുടെ അപേക്ഷ എടുത്തതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ. മിസ്സു് സൈമൺ എന്ന ഒരു സ്ത്രീയെ തിരഞ്ഞെടുത്തു. അവർ അവിടെ പോകുന്നില്ലെന്നു പറഞ്ഞപ്പോൾ ശ്രീധരൻ എന്നൊരാളെ അഡ്മിറ്റു ചെയ്യാൽകൊള്ളാമെന്നു പറഞ്ഞു. എന്നിട്ടാണു് അങ്ങിനെ എടുത്തയച്ചതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഒരു Jew Lady-യെ തിരഞ്ഞെടുത്തിട്ടില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : I think she is a Jew. ഞാൻ പറഞ്ഞ മിസ്സ് സൈമൺ എന്ന സ്ത്രീയാണതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അതിനു മുമ്പു് ഒരു സ്ത്രീയെ തിരഞ്ഞെടുക്കുകയും ഇൻറ്റർവ്യൂ ചെയ്യുകയും ചെയ്തില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഉണ്ടായിരിക്കാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അവർ രണ്ടു പേരും പോകുന്നില്ലെന്നു പറഞ്ഞതുകൊണ്ടല്ലെ ഫൺഡ്സ്-ൽ തിരഞ്ഞെടുത്ത മി. ശ്രീധരനെ ഇപ്പോൾ തിരഞ്ഞെടുത്തതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അല്ല.

PETROL FOR MINISTERS

343. Mr. P. Kumaran Ezhuthassan *(Vadakkancheri):* Will Government be pleased to state,—

(*a*) had not the new Petrol Rationing Officer (the Commissioner of Police) requested the Ministers to let him know of their requirements of petrol per month;

(*b*) what was the requirement sent up by each Minister in reply to the request in (*a*);

(c) what was allowed by the Rationing Officer?

LIBRARY ARCHIVES Kerala Legislative Assembly

Rao Bahadur T. K. Nayar *(Minister for Public Health)*:

(*a*) No.

(*b*) & (*c*) No answer is necessary in view of answer to sub-division (*a*).

Mr. P. Kumaran Ezhuthassan *(Vadakkancheri)*: May, I know, Sir, how petrol is supplied to the Ministers? What is the arrangement for that?

Rao Bahadur T. K. Nayar *(Minister for Public Health)*: The Petrol Rationing Authority sends sufficient number of coupons to the Confidential Clerks of the Ministers.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Can the House have any idea, Sir, as to the quantity of petrol consumed by the Ministers during these months? I had sent up a separate question on that.

Rao Bahadur T. K. Nayar *(Minister for Public Health)*: I think that question will be answered during this sitting. That depends upon the tour that the Ministers will have to undertake.

LANDS FOR PADDY CULTIVATION

344. മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവീത്തു് :

താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) കൊച്ചിരാജ്യത്തു് നെൽകൃഷിക്കു പറ്റിയതും ഇപ്പോൾ കൃഷിചെയ്യാത്തതുമായ ഭൂമികൾ എത്ര ഏക്കറുണ്ടെന്നു കണക്കാക്കിട്ടുണ്ടോ;

(ബി) അത്തരം ഭൂമികൾ ഉണ്ടെങ്കിൽ നെൽകൃഷി വിപുലീകരണത്തിനു സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണു്;

(സി) എത്ര കൊല്ലം കൊണ്ടാണു് ഈ നടപടികൾ പൂർത്തിയാക്കുക?

മിസ്റ്റർ സി. ഏർ. ഇയ്യുണ്ണി :

(എ) ഇല്ല.

(ബി) ആനമല റോഡിന്റെ ചില ഭാഗങ്ങളിൽ കുറെ ഭൂമികൾ നിലമായി തീരിക്കാവുന്നതുണ്ടു്. ആ ഭൂമികൾ സർവ്വെ ചെയ്തതിനുശേഷം വനം വകുപ്പിൽനിന്നു മാറിയും കാടുവെട്ടിയും മറ്റും നിലമായി മാറുന്നതാണു്. അതു ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു.

(സി) അടുത്തുതന്നെ ഈ പണി ആരംഭിക്കണമെന്നു വെച്ചിരിക്കുന്നു.

VYPEEN-PALLIPURAM ROAD

345. മിസ്റ്റർ എം. കെ. വർഗ്ഗീസ്സു് :

താഴെ പറയുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ദയവുണ്ടാകുമോ.—

(എ) എഫ് യു-ൽ വൈപ്പിൻ-പള്ളിപ്പുറം റോഡു് എത്ര മൈൽ പണിതീരും;

(ബി) ഈ റോഡിന്റെ പണി എത്രകൊല്ലം കൊണ്ടു് അവസാനിക്കുമെന്നു് ഉദ്ദേശിക്കുന്നു?

റാവുസാഹിബു് കെ. അയ്യപ്പൻ :

(എ) റോഡു് പണി തീർന്നിട്ടില്ല.

(ബി) എഫ് യു ൪-ൽ കഴിയുമെന്നാണുദ്ദേശിക്കുന്നതു്.

ELECTION DEPARTMENT—DETAILS REGARDING

346. **Mr. P. Kumaran Ezhuthassan** *(Vadakkancheri)*: Will Government be pleased to state.—

(*a*) when were the Chief Election Officer and his Assistants appointed by the Government;

(*b*) when did these officers begin to draw their pay;

(*c*) have enumerators to prepare the list of voters been appointed thus far;

(*d*) if the answer to (*c*) is in the nagative what is the reason for the delay;

(*e*) when do Government expect to Publish the preliminary electoral roll for the next general election.

(*f*) when do Government hope to be able to conduct the next general election?

LIBRARY ARCHIVES Kerala Legislative Assembly